കവർസ്റ്റോറി

●

അബ്ദുർറഹ്മാൻ കൊടിയത്തൂർ

# ഭരണകൂട ഭീകരതയുടെ ഇരകൾ



**ബാംഗ്ലൂർ** നഗരത്തിനുടത്ത് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായിരിക്കെ എന്റെ സഹോദരൻ സുബൈർ ഒരു സായാഹ്നത്തിൽ സിറ്റി മാർക്കറ്റിൽ ഷോപ്പിംഗിന് ചെന്നു. റോഡിന്റെ ഒരുവശത്ത് കാർ പാർക്ക് ചെയ്തിരുന്നു. പത്തു മിനിറ്റ് കഴിഞ്ഞു തിരിച്ചുചെന്നപ്പോൾ ഒരു പോലീസ് കോൺസ്റ്റബ്ൾ ഡ്രൈവറുടെ സീറ്റിൽ കയറിയിരിക്കുന്നു. ചെന്നപാടെ അയാൾ ചോദ്യമെറിഞ്ഞു: 'ഇവിടെ വണ്ടി പാർക്ക് ചെയ്യാൻ പാടില്ലെന്നറിയില്ലേ?'

**സംശയത്തിന്റെ പേരിലോ മനഃപൂർവമോ പിടിക്കപ്പെടുന്ന മിക്ക യുവാക്കളുടെയും പേരിൽ 40ഉം 50ഉം കേസുകളാണ് ചാർജ് ചെയ്തിട്ടുള്ളത്. അവരെ ജീവിതകാലം മുഴുവൻ ഇരുമ്പഴികൾക്കുള്ളിലാക്കി ഭാവി നശിപ്പിക്കുകയാണ് ലക്ഷ്യം. അഭ്യസ്തവിദ്യരും പ്രഫഷനലുകളുമാണ് പലപ്പോഴും വർഗീയ പോലീസിന്റെ ഇരകൾ എന്നതും യാദൃഛികമല്ല.**

---

'സോറി, ഞാനാ ബോർഡ് കണ്ടിരുന്നില്ല'.

തുടർന്ന് ഊരും പേരും ചോദിച്ചു. പേര് കേട്ടപ്പോഴേക്കും അയാളുടെ മുഖത്ത് ക്രൂരമായ മന്ദഹാസം വിടർന്നു. 'താനെന്താ കരുതിയത്, ഇത് പാകിസ്താനാണെന്നോ?'

പാകിസ്താനിൽ 'നോ പാർക്കിംഗ്' ബോർഡ് വെച്ചേടത്താണോ വണ്ടികൾ പാർക്ക് ചെയ്യുന്നതു എന്ന മറുചോദ്യം അയാൾക്ക് ഒട്ടും രസിച്ചില്ല. പിന്നെ കന്നടയിലും ഹിന്ദിയിലും അറിയാവുന്ന തെറികളൊക്കെ അയാൾ പറഞ്ഞു.

നേരും നെറിയുമുള്ള ഒരു മേലുദ്യോഗസ്ഥന്റെ മകൾ അയാളുടെ വിദ്യാലയത്തിൽ പഠിക്കുന്നുണ്ടായിരുന്നതിനാൽ പോലീസ് കോൺസ്റ്റബ്ളിന് ഒടുവിൽ മാപ്പു പറയേണ്ടിവന്നു. ഇത് കർണാടക പോലീസിന്റെ രീതി. അവിടെ മന്ത്രിമാർക്ക് ക്ലാസെടുക്കുന്നത് നരേന്ദ്രമോഡിയും പ്രവീൺ തൊഗാഡിയയുമൊക്കെയാണല്ലോ. ഇനി കേരളത്തിലേക്ക് വരാം.

ആറേഴ് വർഷമായി കോഴിക്കോട്ടുനിന്ന് വിവാഹം കഴിച്ച് ഭാര്യയും രണ്ടു കുട്ടികളുമായി കഴിയുകയാണ് അസം സ്വദേശി മുഹമ്മദ് ഇഖ്ബാൽ. ആറ് വർഷം മുമ്പ് ഞങ്ങൾ രണ്ടു പേരും ആസാമും മറ്റു വടക്കു കിഴക്കൻ സംസ്ഥാനങ്ങളും സന്ദർശിച്ചിരുന്നു. മണിപ്പൂരിൽ രണ്ടു ദിവസം കറങ്ങിയപ്പോൾ കാണാനായത് തൊഴിൽരഹിതരായ കുറെ ചെറുപ്പക്കാരെയും അനാഥകളും അഗതികളുമായ വിദ്യാലയം കാണാത്ത കുറെ കുട്ടികളെയുമാണ്. പത്ത് സിവിലിയന്മാർക്ക് ഒരു പട്ടാളക്കാരനെ വീതം വിന്യസിച്ച, ഇരുപത്തഞ്ചിലേറെ തീവ്രവാദ ഗ്രൂപ്പുകൾ അലോസരം സൃഷ്ടിക്കുന്ന ഇംഫാലിലും പരിസരത്തുമായി നിരവധി വിധവകളും അനാഥകളുമുണ്ട്. അടുത്ത അധ്യയന വർഷാരംഭത്തിൽ കേരളത്തിലെ രണ്ടു മൂന്ന് അനാഥാലയങ്ങളിൽ ചേർക്കാനായി 32 കുട്ടികളെ കൊണ്ടുവരാൻ ഏർപ്പാട് ചെയ്തു. തുടർന്ന് പലപ്പോഴായി വന്ന നൂറിലേറെ കുട്ടികൾ ഇവിടെ പഠിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ കഴിഞ്ഞ വർഷം അവധിയിൽ പോയി തിരിച്ചുവരുമ്പോൾ ഇഖ്ബാലിനെയും കൂടെയുണ്ടായിരുന്ന 59 വിദ്യാർഥികളെയും മാൾഡയിൽ വെച്ച് അറസ്റ്റ് ചെയ്തു. കുട്ടികളെ രക്ഷിതാക്കളെ വരുത്തി തിരിച്ചയക്കുകയും ഇഖ്ബാലിനെ ഒരാഴ്ച ചോദ്യം(ഭേദ്യം) ചെയ്ത ശേഷം വിട്ടയക്കുകയും ചെയ്തു. പക്ഷേ ഇപ്പോൾ ഇഖ്ബാലിന് മലബാറിലെ പോലീസ് സ്റ്റേഷനുകൾ കയറിയിറങ്ങാനേ നേരമുള്ളൂ.

'ഈ കുട്ടികളെ ഇവർക്കെത്തിച്ചുകൊടുത്തതിനു നിനക്കെത്ര പണം തന്നു?'

'നിനക്ക് മതം മാറാൻ ഇവന്മാർ എത്ര രൂപ തന്നു?'

'ഇവന്മാർക്ക് എവിടെനിന്നാണ് പണം ലഭിക്കുന്നത്?'

ഇങ്ങനെ നിരവധി ചോദ്യങ്ങൾക്ക് മറുപടി പറയാൻ ഇഖ്ബാൽ ബാധ്യസ്ഥനാണ്. സ്വന്തം സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലുമുള്ള കുട്ടികൾക്ക് അൽപം വിദ്യാഭ്യാസവും ഭക്ഷണവും ലഭിച്ചോട്ടെ എന്ന് തോന്നിയത് മാത്രമാണ് അയാ

ളുടെ തെറ്റ്. റേഷൻ കാർഡും ഇലക്ഷൻ ഐഡിയും പാസ്പോർട്ടുമൊക്കെ ഉണ്ടായിട്ടും പലപ്പോഴും തന്റെ പൗരത്വം തെളിയിക്കാനും ബംഗ്ലാദേശുകാരനല്ലെന്ന് സമർഥിക്കാനും അയാൾ പ്രയാസപ്പെടുന്നു.

ഏതാണ്ടെല്ലാ സംസ്ഥാനത്തും തികച്ചും വർഗീയവത്കരിക്കപ്പെട്ട പോലീസ് ന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുമ്പോൾ, മതേതര രാഷ്ട്രീയക്കാരും സാംസ്കാരിക നായകരുമൊക്കെ നിസ്സംഗത പാലിക്കുന്നു എന്നതാണ് വർത്തമാന ഇന്ത്യയുടെ ദുരവസ്ഥ. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലെയും ജയിലുകളിൽ വിചാരണത്തടവുകാരായും റിമാന്റ് ചെയ്യപ്പെട്ടും നിരവധി ചെറുപ്പക്കാർ നരകയാതന അനുഭവിക്കുന്നു. ചില സ്ഥലങ്ങളിൽ ജുമുഅ നമസ്കാരത്തിനും ഈദ് നമസ്കാരത്തിനു പോലും അനുമതി നിഷേധിക്കപ്പെടുന്നു. കോടതി നടപടികളുടെ അസാമാന്യ 'വേഗത' കാണുമ്പോൾ അവർക്ക് അടുത്തൊന്നും സ്വതന്ത്രവായു ശ്വസിക്കാനാവുമെന്ന് കരുതാനാവില്ല.

ജയിലർമാർ നടത്തുന്ന മർദനങ്ങൾക്കു പുറമെ, മറ്റു തടവുപുള്ളികളെ ഉപയോഗിച്ചും മുസ്‌ലിം തടവുകാരെ പീഡിപ്പിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഗാസിയാബാദുകാരനായ മുഹമ്മദ് ഷക്കീൽ കഴിഞ്ഞ വർഷം ജൂണിൽ ജയിലിൽ മരിച്ചു. ആത്മഹത്യ ചെയ്തതാണെന്ന് ജയിലുദ്യോഗസ്ഥർ പറയുന്നു. എന്നാൽ ഫ്രോണ്ടിയർ മെയിലിൽ ബോംബുവെച്ചതടക്കം 20 കേസുകളിൽ 19-ലും കുറ്റമുക്തനാവുകയും ഒരു കേസിൽ വിധിക്കപ്പെട്ട 10 വർഷ തടവിൽ എട്ടു വർഷം പിന്നിടുകയും ചെയ്തിരിക്കെ ആത്മഹത്യ ചെയ്യില്ലെന്ന് സഹോദരൻ മുഹമ്മദ് അമീൻ പറയുന്നു. നിലവിലുള്ള കേസിൽ ഹൈക്കോടതി ജാമ്യമനുവദിച്ചപ്പോഴാണ് ഗവൺമെന്റ് വക്കീൽ ഗാസിയാബാദ് കോടതിയിലെ മറ്റൊരു കേസിൽ അയാൾ പ്രതിയാണെന്ന് വിവരമറിയിക്കുന്നത്. ഷക്കീലിന്റെ കേസ് വാദിക്കുന്ന അഡ്വ. മുഈൻ അക്തർ തലേദിവസം അയാളെ സന്ദർശിച്ചിരുന്നു. അപ്പോഴും പുതിയ കേസിന്റെ കാര്യത്തിൽ പോലും നിരാശ ബാധിച്ചിരുന്നില്ല ഷക്കീലിന്. എന്നിട്ടും ആത്മഹത്യ ചെയ്തുവെന്നത് പോസ്റ്റ്മോർട്ടം റിപ്പോർട്ടും ശരിവെക്കുന്നു. എട്ടുവർഷമായി ജയിലിൽ കഴിയുമ്പോഴൊന്നും പുതിയ കേസിന്റെ കാര്യം അയാളോ കുടുംബമോ വക്കീലോ അറിഞ്ഞിരുന്നില്ല എന്നതാണ് രസാവഹം.

ബോംബ് കേസിൽ പ്രതിയായി ഗുജറാത്തിലെ സബർമതി ജയിലിലടക്കപ്പെട്ട ശഹ്ബാസ് ഹുസൈൻ, മുഹമ്മദ് അൻവർ എന്നിവരെ സഹതടവുകാരെ ഉപയോഗിച്ചാണ് കഠിനമായി ഭേദ്യം ചെയ്തത്. പിന്നീടവരെ പ്രത്യേക സെല്ലുകളിൽ പാർപ്പിക്കുകയായിരുന്നു. കാറ്റോ വെളിച്ചമോ ഇല്ലാത്ത ഇരുട്ടറക്കുള്ളിൽ കഴിഞ്ഞ അവർക്ക് കോടതി ഇടപെട്ടപ്പോൾ രാവിലെ രണ്ട് മണിക്കൂർ പുറത്ത് നടക്കാമെന്നായി.

സബർമതി ജയിലിൽ പോട്ട, സ്ഫോടന പ്രതികൾ കഴിഞ്ഞ വർഷം നിരാഹാരസമരം നടത്തുകയുണ്ടായി. അവരെ നേരിടാനായി 150-ഓളം പോലീസുകാരെ സൂപ്രണ്ട് വിളിച്ചുവരുത്തുകയും നമസ്കാരത്തിൽ സുജൂദിലായിരിക്കെ ലാത്തികൊണ്ട് പ്രഹരിക്കുകയും ചെയ്തു. നിരവധി പേർക്ക് പരിക്കേറ്റു. ദിവസങ്ങളോളം കുടുംബങ്ങളെയോ വക്കീലിനെ പോലുമോ കാണാനനുവദിച്ചില്ല. കോടതി ഉത്തരവ് പാലിക്കാതിരുന്നപ്പോൾ അഹ്മദാബാദ് ഹൈക്കോടതി ജയിലധികൃതരുടെ നടപടിയെ വിമർശിക്കുക പോലും ചെയ്തു. അതിനു ശേഷമാണ് കുടുംബക്കാർക്ക് സന്ദർശനാനുമതിയും പരിക്കേറ്റവർക്ക് വൈദ്യസഹായവും ലഭിച്ചത്. തടവുകാർ ജനലഴികൾ പറിച്ചെടുത്ത് അധികൃതരെ ആക്രമിച്ചപ്പോഴാണ് പോലീസിനെ വിളിച്ചത് എന്ന വിശദീകരണം കേട്ടപ്പോൾ, എങ്കിൽ പിന്നെ ജയിലുകളിൽ പാർപ്പിക്കുന്നതെന്തിന് എന്നാ

**പോലീസ് സമർപ്പിച്ച ചാർജ്ഷീറ്റുകളുടെ ബാഹുല്യവും അമ്പരപ്പിക്കുന്നതാണ്. ഗുജറാത്ത് പോലീസ് അഹ്മദാബാദ്, സൂറത്ത് സ്ഫോടനക്കേസുകളുടെ ചാർജ്ഷീറ്റ് സമർപ്പിച്ചത് 60,000 പേജുകളിലാണ്. മുംബൈ ക്രൈംബ്രാഞ്ചിന്റേത് അതിന്റെ മൂന്നിരട്ടി വരും. ജയ്പൂർ സ്ഫോടനകേസിന്റെ ചാർജ്ഷീറ്റ് 12000 പേജുണ്ട്. പ്രാദേശിക ഭാഷകളിൽ തയാറാക്കിയ രേഖകൾ സുപ്രീംകോടതിയിലെത്തുമ്പോൾ അവയുടെ ഇംഗ്ലീഷ് തർജമക്ക് ഏറെക്കാലം പിടിക്കും.**

---

യിരുന്നു അഭിഭാഷകനായ ഖാലിദ് ശൈഖ് ഹൈക്കോടതി ജഡ്ജിയോട് ചോദിച്ചത്. ഈ ആക്രമണത്തിൽ അബുൽ ബശർ, അബ്ബാസ് എന്നിവരുടെരണ്ട് കൈകളും എല്ലൊടിഞ്ഞു തൂങ്ങിയിരുന്നു. ഏറെ ദിവസം കഴിഞ്ഞാണ് കൈകൾക്ക് പ്ലാസ്റ്ററിട്ടത്. കുറ്റം തെളിഞ്ഞ ശേഷം തടവുശിക്ഷ വിധിക്കപ്പെട്ടവരല്ല ഇവരെന്നോർക്കുക.

കഴിഞ്ഞ വർഷം ജൂൺ 28-ന് കുപ്രസിദ്ധമായ മുംബൈ ആർതർ റോഡ് ജയിലിൽ നടന്നത് കൊടുംക്രൂരതയായിരുന്നു. ഔറംഗബാദിൽ ആയുധം കണ്ടെടുത്തതിന് അറസ്റ്റിലായ 16-ഉം മാലേഗാവ് കേസിലെ 6-ഉം 7/11-ലെ 13-ഉം പ്രതികളെയാണ് അധികൃതർ കൈകാലുകൾ തല്ലിയൊടിച്ചത്. പിന്നീടവരെ കോലാപൂർ, നാഗ്പൂർ ജയിലുകളിലേക്ക് മാറ്റുകയും ചെയ്തു. ഹൈക്കോടതി ഇടപെട്ടതോടെ അവരെ തിരിച്ചുകൊണ്ടുവന്നു.

ഇന്ത്യയിലെ പല ജയിലുകളിലും നടക്കുന്ന പീഡനങ്ങളും വിവേചനങ്ങളും മനുഷ്യാവകാശ സംഘടനകൾ തുറന്നു കാട്ടിയിട്ടുണ്ട്. പക്ഷേ, നിയമങ്ങളെയും കോടതികളെയും നോക്കുകുത്തിയാക്കി ചിലരുടെ മൗനാനുവാദത്തോടെ ഇപ്പോഴും തുടരുന്ന ജയിലുകളിലെ മർദനമുറകൾ അബൂഗുറൈബിനെയും ഗ്വാണ്ടനാമോയെയും ഓർമിപ്പിക്കുന്നു.

സംശയത്തിന്റെ പേരിലോ മനഃപൂർവമോ പിടിക്കപ്പെടുന്ന മിക്ക യുവാക്കളുടെയും പേരിൽ 40ഉം 50ഉം കേസുകളാണ് ചാർജ് ചെയ്തിട്ടുള്ളത്. അവരെ ജീവിതകാലം മുഴുവൻ ഇരുമ്പഴികൾക്കുള്ളിലാക്കി ഭാവി നശിപ്പിക്കുകയാണ് ലക്ഷ്യം. അഭ്യസ്തവിദ്യരും പ്രഫഷനലുകളുമാണ് പലപ്പോഴും വർഗീയ പോലീസിന്റെ ഇരകൾ എന്നതും യാദൃച്ഛികമല്ല.

മുംബൈ ക്രൈംബ്രാഞ്ച് പിടികൂടിയ 38കാരൻ മെക്കാനിക്കൽ എഞ്ചിനീയർ സാദിഖ് ശൈഖ് നല്ല ശമ്പളത്തിൽ ജോലി ചെയ്തിരുന്ന വിദഗ്ധ എഞ്ചിനീയറാണ്. പോലീസ് എഫ്.ഐ.ആർ പ്രകാരം അയാൾ ഇന്ത്യൻ മുജാഹിദീന്റെ സ്ഥാപക നേതാവാണ്. തന്റെ പാകിസ്താനി സുഹൃത്ത് ആമിർ റിസായുടെ നിർദേശപ്രകാരം അഹ്മദാബാദിലും ജയ്പൂരിലും സ്ഫോടനം നടത്തിയത് അയാളുടെ നേതൃത്വത്തിലാണ്! ബട്‌ലാ ഹൗസ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട ആതിഫ് അമീനുമായി ഉറ്റബന്ധമുണ്ട്. 2005-ൽ നടന്ന സ്ഫോടനങ്ങളുടെ ആസൂത്രകനായ സാദിഖ് ശൈഖ് 2001ൽ പാകിസ്താൻ സന്ദർശിച്ചിട്ടുണ്ട്. ദൽഹി, അഅ്സംഗഢ് തുടങ്ങിയ സ്ഥലങ്ങളിലെ നിരവധി യുവാക്കളെ പാകിസ്താനിലേക്ക് പരിശീലനത്തിനയച്ച ഈ കൊടുംഭീകരനെ

തിരെ അഹ്മദാബാദ്, ദൽഹി, സൂറത്ത്, കൊൽക്കത്ത, ഹൈദരാബാദ്, മുംബൈ തുടങ്ങിയ പട്ടണങ്ങളിലായി 54 കേസുകളുണ്ട്. 2006 ജൂലൈ 11-ന് മുംബൈ ട്രെയിനുകളിൽ നടന്ന സ്ഫോടനങ്ങളുടെ ഉത്തരവാദിത്വം അയാൾ ഏറ്റെടുത്തിട്ടുണ്ട്. ഈ കുറ്റസമ്മതം പല ചാനലുകൾ നിരന്തരം സംപ്രേഷണം ചെയ്തുകൊണ്ടിരുന്നു. കേസ് മുംബൈ എ.ടി.എസിനെ ഏൽപിച്ചപ്പോൾ അവർ ആദ്യം ചെയ്തത്, ഈ സംപ്രേഷണം നിർത്തിവെക്കാൻ കോടതിയെ സമീപിക്കുകയായിരുന്നു. തുടർന്ന് എ.ടി.എസ് കോടതിയിൽ ബോധിപ്പിച്ചത്, ട്രെയിൻ സ്ഫോടക്കേസിൽ സാദിഖ് ശൈഖ് എന്നു പേലുള്ള ഒരാൾ പ്രതിപ്പട്ടികയിലില്ലെന്നായിരുന്നു. ആരുടെയോ ഭീഷണി മൂലമാണ് നേരത്തെ ഇയാൾ കുറ്റസമ്മതം നടത്തിയതെന്നും സത്യവാങ്മൂലത്തിൽ പറയുന്നു.

യാഹു കമ്പനിയിൽ പ്രിൻസിപ്പൽ എഞ്ചിനീയറായി 19 ലക്ഷം രൂപ വാർഷിക ശമ്പളത്തിൽ നിയമനം നേടിയ ഉടനെയാണ് 31കാരൻ മൻസൂർ അസ്ഗർ എന്ന പൂന സ്വദേശിയെ ക്രൈംബ്രാഞ്ച് പിടികൂടിയത്. മുംബൈ, അഹ്മദാബാദ്, സൂറത്ത്, ദൽഹി, ഹൈദരാബാദ് എന്നിവിടങ്ങളിൽ നാൽപതിലധികം കേസുകളിൽ പ്രതിയാണയാൾ. ഇന്ത്യൻ മുജാഹിദീന്റെ പേരിൽ സ്ഫോടനങ്ങൾ നടത്താൻ ആഹ്വാനം ചെയ്യുന്ന ഇമെയിൽ സന്ദേശമയച്ചുവെന്നതിനാൽ സൈബർ ക്രൈം ആക്ട് അനുസരിച്ചാണ് അയാളെ അറസ്റ്റ് ചെയ്തത്.

കുറ്റപത്രം സമർപ്പിക്കപ്പെട്ട ചില കേസുകൾ പരിശോധിച്ചാൽ മിക്ക പ്രതികളുടെയും പേരിൽ നാൽപതിലേറെ കേസുകൾ ചാർജ് ചെയ്തതായി കാണാം. എങ്ങനെയും രക്ഷപ്പെടാനാവാത്ത വകുപ്പുകളാണ് ചാർത്തിയിട്ടുള്ളത്. ഏറ്റവുമൊടുവിൽ ജയിലധികൃതരോട് അപമര്യാദയായി പെരുമാറിയെന്നും ആക്രമിക്കാൻ ശ്രമിച്ചുവെന്നും കൂടി എഴുതിച്ചേർക്കുന്നു.

2007 ജൂലൈ 26-ന് അഹ്മദാബാദിൽ നടന്ന സ്ഫോടനത്തിൽ പ്രതികളായ 102 പേരിൽ 52 പേർ ജയിലിലാക്കപ്പെട്ടിരുന്നു. ചാർജ് ചെയ്ത 35 കേസുകളിൽ അവരൊക്കെ പ്രതികളാണ്. ജയ്പൂർ സ്ഫോടനക്കേസിലെ 11 പ്രതികളിൽ 4 പേരും ദൽഹി സ്ഫോടനകേസിലെ 28 പ്രതികളിൽ 16 പേരും ജയിലഴികൾക്കുള്ളിലാണ്. മുംബൈ ക്രൈംബ്രാഞ്ച് പിടികൂടിയ ഇന്ത്യൻ മുജാഹിദീൻ അംഗങ്ങളുടെ പേരിലും ഇതേ കേസുകൾ തന്നെയാണ് ചാർജ് ചെയ്തിട്ടുള്ളത്.

ബട്‌ലാഹൗസിൽനിന്ന് പിടികൂടിയ അഅ്സംഗഢ് സ്വദേശി മുഹമ്മദ് സൈഫിന്റെ പേരിൽ 45-ലേറെ കേസുകളുണ്ട്. ജയ്പൂർ, അഹ്മദാബാദ്, സൂറത്ത്, ദൽഹി തുടങ്ങിയ സ്ഥലങ്ങളിലും യു.പി പോലീസിന്റെ പല രേഖകളിലും ഇയാൾ പ്രതിയാണ്. ചരിത്രത്തിൽ പോസ്റ്റ് ഗ്രാജ്വേഷനുള്ള ഇയാൾ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പഠിച്ചുകൊണ്ടിരിക്കെയാണ് അറസ്റ്റിലായത്. അതോടെ മാതാപിതാക്കളുടെ പ്രതീക്ഷകളും അദ്ദേഹത്തിന്റെ പഠനവും ഭാവിയും ഇരുളടഞ്ഞിരിക്കുന്നു.

യു.പി എ.ടി.എസ്സിന്റെ സഹായത്തോടെ ഗുജറാത്ത് പോലീസ് കഴിഞ്ഞ വർഷം ആഗസ്റ്റ് 14-ന് പിടികൂടിയ അഅ്സംഗഢ് സ്വദേശി അബുൽ ബശറിനെ ആഗസ്റ്റ് 16 -ന് ലഖ്നൗ ചാർബാഗ് റെയിൽവേ സ്റ്റേഷനിൽവെച്ച് പിടിച്ചതായാണ് രേഖ. അഹ്മദാബാദ് സ്ഫോടനത്തിന്റെ മാസ്റ്റർ മൈന്റ് അയാളാണത്രെ. മെലിഞ്ഞൊട്ടിയ ശരീര പ്രകൃതിയുള്ള അബുൽ ബശറിന്റെ പേരിൽ സൂറത്ത്, ഹൈദരാബാദ്, ദൽഹി തുടങ്ങിയ സ്ഥലങ്ങളിലായി 41 കേസുകളുണ്ട്.

2009 ജനുവരിയിലാണ് ഖിയാമുദ്ദീൻ കപാഡിയയെ മധ്യപ്രദേശ് പോലീസ് ഭോപാലിൽ അറസ്റ്റ് ചെയ്തത്. എന്നാൽ അതിന്റെ അഞ്ചു മാസങ്ങൾക്ക് മുമ്പേ അ

**ഉന്നത ബിരുദങ്ങളും സാങ്കേതികവിദ്യാഭ്യാസവും നേടിയ മുസ്‌ലിം യുവാക്കളെ ടാർഗറ്റ് ചെയ്യുകവഴി അവരിൽ അരക്ഷിതത്വവും സാമ്പത്തിക ദുഃസ്ഥിതിയും ഉണ്ടാക്കാനുള്ള ബോധപൂർവമായ നടപടികളാണിതെന്ന് പ്രതികളിൽ ചിലരുടെ കേസ് വാദിക്കുന്ന മുംബൈയിലെ അഡ്വ. ഷാഹിദ് അഅ്സമി പറയുന്നു. ഈ വിചാരണാ പ്രഹസനത്തിന് തന്നെ 24-30 വർഷമെടുക്കും.**




യാളെ കാണാനില്ലെന്ന് കുടുംബക്കാർ പരാതിപ്പെട്ടിരുന്നു. ഗുജറാത്തിലെയും കേരളത്തിലെയും വനാന്തരങ്ങളിൽ നടന്ന ഭീകരപരിശീലനങ്ങൾക്ക് നേതൃത്വം നൽകിയതുൾപ്പെടെ സൂറത്ത്, അഹ്മദാബാദ്, ദൽഹി തുടങ്ങിയ സ്ഥലങ്ങളിലായി നാൽപതോളം കേസുകളിൽ പ്രതിയാണ് ഈ 'കൊടും ഭീകരൻ'.

മുംബൈ പോലീസ് രേഖകളിൽ ബോംബു നിർമാണ വിദഗ്ധനാണ് 38-കാരനായ ആരിഫ് ബദ്റുദ്ദീൻ. 2005 മുതൽ നടന്ന ഒട്ടു മിക്ക സ്ഫോടനങ്ങളിലും അയാൾ പ്രതിയാണ്. മകനെ അറസ്റ്റു ചെയ്തുവെന്നറിഞ്ഞ ഉടനെ ഹൃദയാഘാതമുണ്ടായ പിതാവ് മരണപ്പെട്ടു. കാഴ്ച നഷ്ടപ്പെട്ട മാതാവാകട്ടെ ഗ്രാമത്തിൽ മകളുടെ കൂടെ കഴിയുന്നു. കുടുംബത്തിന്റെ താങ്ങ് നഷ്ടപ്പെട്ടതോടെ അവരുടെ സംരക്ഷണം മകൾ ഏറ്റെടുക്കുകയായിരുന്നു. വിവിധ പട്ടണങ്ങളിലായി 46 കേസുകൾ ആരിഫിനെതിരെ ചാർജു ചെയ്തിട്ടുണ്ട്.

അഅ്സംഗഢിൽനിന്ന് സഹോദരിയെ മുംബൈയിലെ വീട്ടിലേക്ക് കൊണ്ടുപോകവെ, ഗോദാൻ എക്സ്പ്രസിൽനിന്ന് മധ്യപ്രദേശ് എ.ടി.എസ് പിടികൂടിയതാണ് സൈഫുറഹ്മാൻ എന്ന 26കാരനെ. സഹോദരിയെ 12 മണിക്കൂർ ചോദ്യം ചെയ്ത ശേഷം വിട്ടയച്ചു. അഹ്മദാബാദ്, ജയ്പൂർ സ്ഫോടനങ്ങളിലെ മുഖ്യ പ്രതികളിലൊരാളെ പിടികൂടിയെന്നും അയാൾ ഭോപാൽ മജിസ്ട്രേറ്റ് മുമ്പാകെ കുറ്റം സമ്മതിച്ചുവെന്നുമായിരുന്നു വാർത്ത. എന്നാൽ താൻ കുറ്റസമ്മതം നടത്തിയത് എ.ടിഎസ് സ്വന്തം കൺമുമ്പിൽവെച്ച് സഹോദരിയെ ബലാൽസംഗം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തിയതുകൊണ്ടായിരുന്നുവെന്ന് സൈഫുർറഹ്മാൻ ജയ്പൂർ മസ്ജിസ്ട്രേറ്റിന് മൊഴി നൽകി.

ജയ്പൂർ സ്ഫോടനകേസിലെ മറ്റൊരു പ്രതി ശഹ്ബാസ് ഹുസൈൻ തന്റെ നിരപരാധിത്വം തെളിയിക്കാനായി നാർകോ അനാലിസിസ് ടെസ്റ്റിന് വിധേയനാക്കണമെന്ന് കോടതിയിൽ ആവശ്യപ്പെട്ടു. ചരിത്രത്തിലാദ്യമായാണ് ഒരു പ്രതിതന്നെ നാർകോ ടെസ്റ്റിന് വിധേയനാക്കാനാവശ്യപ്പെടുന്നത്. എ.ടി.എസ് അതിനെ എതിർത്തു. കോടതി അയാളെ വെറുതെ വിടുകയും ചെയ്തു.

ഈയടുത്ത കാലത്ത് പിടികൂടി ജയിലിലടക്കപ്പെട്ട മുന്നൂറോളം പേരിൽ ചില രുടെ ചിത്രമാണിത്. ഇവരിൽ ആരോപിക്കപ്പെട്ട കേസുകൾ അന്വേഷിക്കാനും വിചാരണ ചെയ്യാനും വർഷങ്ങൾതന്നെ വേണ്ടിവരും. പിന്നീട് നിരപരാധിയാണെന്ന് തെളിഞ്ഞ് വെറുതെ വിട്ടതുകൊണ്ട് കാര്യമില്ല.അവരുടെ ജോലിയും പലപ്പോഴും ഉള്ള വീടും സ്വത്തും നഷ്ടപ്പെട്ടിരിക്കും.

പോലീസ് സമർപ്പിച്ച ചാർജ്ഷീറ്റുകളുടെ ബാഹുല്യവും അമ്പരപ്പിക്കുന്നതാണ്. ഗുജറാത്ത് പോലീസ് അഹ്മദാബാദ്, സൂറത്ത് സ്ഫോടനക്കേസുകളുടെ ചാർജ്ഷീറ്റ് സമർപ്പിച്ചത് 60,000 പേജുകളിലാണ്. മുംബൈ ക്രൈംബ്രാഞ്ചിന്റേത് അതിന്റെ മൂന്നിരട്ടി വരും. ജയ്പൂർ സ്ഫോടനകേസിന്റെ ചാർജ്ഷീറ്റ് 12000 പേജുണ്ട്. പ്രാദേശിക ഭാഷകളിൽ തയാറാക്കിയ രേഖകൾ സുപ്രീം കോടതിയിലെത്തുമ്പോൾ അവയുടെ ഇംഗ്ലീഷ് തർജമക്ക് ഏറെക്കാലം പിടിക്കും.

ജാമിഅ മില്ലിയ്യയിലെ ടീച്ചേഴ്സ് സോളിഡാരിറ്റി ചെയർപേഴ്സൻ മനീഷാ സേത്തി പറയുന്നു: "ഗവൺമെന്റുകൾ സ്വന്തം ഉത്തരവാദിത്വം നിർവഹിക്കാതെ, ജനശ്രദ്ധ തിരിച്ചുവിടാൻ വേണ്ടിയാണ് മുസ്‌ലിംകളെ ഭീകരവാദികളും ദേശവിരുദ്ധരുമാക്കി വേട്ടയാടുന്നത്. ഭീകരതായുദ്ധം എന്ന അമേരിക്കൻ തിട്ടൂരത്തിന്റെ പ്രയോഗവത്കരണമാണിത്."

ഉന്നത ബിരുദങ്ങളും സാങ്കേതികവിദ്യാഭ്യാസവും നേടിയ മുസ്‌ലിം യുവാക്കളെ ടാർഗറ്റ് ചെയ്യുകവഴി അവരിൽ അരക്ഷിതത്വവും സാമ്പത്തിക ദുഃസ്ഥിതിയും ഉണ്ടാക്കാനുള്ള ബോധപൂർവമായ നടപടികളാണിതെന്ന് പ്രതികളിൽ ചിലരുടെ കേസ് വാദിക്കുന്ന മുംബൈയിലെ അഡ്വ. ഷാഹിദ് അഅ്സമി പറയുന്നു. ഈ വിചാരണാപ്രഹസനത്തിന് തന്നെ 24-30 വർഷമെടുക്കും. 1993-ലെ രാജധാനി എക്സ്പ്രസിലെ സ്ഫോടനകേസിലെ പ്രതി ജലീസ് അൻസാരിയുടെ പേരിലുള്ള ചില കേസുകളിൽ റിമാന്റ് ചെയ്യാൻ ഇനിയും ബാക്കിയുണ്ട്.

"അമേരിക്കൻ ഭരണകൂടം പണ്ട് കറുത്ത വർഗക്കാരോട് ചെയ്തതു തന്നെയാണ് ഇന്ത്യയിൽ ന്യൂനപക്ഷങ്ങളോട് കാണിക്കുന്നത്. അവരെ മാനസികമായും സാമ്പത്തികമായും തകർക്കുകയാണ് ലക്ഷ്യം." മനുഷ്യാവകാശ പ്രവർത്തകനും People Union for Civil Liberties-ന്റെ യു.പി ജോയിന്റ് സെക്രട്ടറിയുമായ രാജീവ് യാദവ് പറയുന്നു: "കറുത്ത വർഗക്കാർക്ക് അമേരിക്കയിൽ ലഭിച്ചിരുന്ന ഏറ്റവും ചെറിയ ശിക്ഷ 200 വർഷം കഠിന തടവായിരുന്നു."

കഴിഞ്ഞ ആഴ്ച 'അൻഹദ്' എന്ന മനുഷ്യാവകാശ സംഘടന ദൽഹിയിൽ സംഘടിപ്പിച്ച ത്രിദിന സമ്മേളനത്തിൽ മുന്നോട്ടുവെച്ച നിർദേശങ്ങൾ ശ്രദ്ധേയമാണ്. 'തീവ്രവാദകുറ്റം ചുമത്തി രാജ്യത്തുടനീളം ജയിലിലടച്ചവരുടെ കേസുകൾ പരിഗണിക്കാൻ സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിൽ ഉന്നതതല നീതിന്യായ കമീഷന് രൂപം നൽകണം. വ്യാജ തെളിവുകളുണ്ടാക്കി നിരപരാധികളെ കള്ളക്കേസിൽ കുടുക്കിയതായി തെളിഞ്ഞാൽ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥർക്ക് കഠിനശിക്ഷ ഉറപ്പാക്കണം. അന്യായമായി തീവ്രവാദബന്ധം ചുമത്തി ജയിലിലടച്ചതായി തെളിഞ്ഞാൽ തടവിൽ കിടന്നവർക്ക് മതിയായ നഷ്ടപരിഹാരം ഉറപ്പാക്കണം.' ഡോ. അസ്ഗറലി എഞ്ചിനീയർ, അഡ്മിറൽ രാംദാസ്, ഗഗൻ സേഥി, ഹർഷ് മന്ദർ, കബിതാ ശ്രീവാസ്തവ, ശബ്നാ ഹാഷ്മി, മഹേഷ് ഭട്ട്, പ്രശാന്ത് ഭൂഷൻ, രാംപുനിയാനി, സഫർ ആഗാ, ശാഹിദ് അലി ഖാൻ തുടങ്ങിയ നിരവധി പ്രമുഖർ സമ്മേളനത്തിലും പ്രസ് കോൺഫറൻസിലും പങ്കെടുത്തു.

മാലേഗാവിലെ ഖബർസ്ഥാൻ സ്ഫോടനകേസിൽ മുംബൈ എ.ടി.എസ്, പ്രജ്ഞാസിംഗ് ഠാക്കൂറിനെയും മുൻ പട്ടാള ഓഫീസർ കേണൽ പുരോഹിതിനെയും അറസ്റ്റു ചെയ്യുകയും ഭാരത് നിർമാൺ സേന എന്ന സംഘടനയുടെ പങ്ക് തെളിയിക്കപ്പെടുകയും ചെയ്തിട്ടും അതേ കേസിൽ പിടികൂടിയ സിമി, ഇന്ത്യൻ മുജാഹിദീൻ, ലശ്കറെ ത്വയ്യിബ തുടങ്ങിയ സംഘടനകളുടെ മെമ്പർമാരെന്ന് ആരോപിക്കപ്പെട്ട യുവാക്കളെ വിട്ടയച്ചിട്ടില്ല. ഭാരത് നിർമാൺ സേനയെന്ന തീവ്ര ഹിന്ദുത്വ സംഘടനയും മുസ്‌ലിം തീവ്രവാദ സംഘടനകളും യോജിച്ചായിരുന്നു സ്ഫോടനം നടത്തിയതെന്ന് തോന്നിപ്പോകും, പോലീസിന്റെയും ക്രൈംബ്രാഞ്ചിന്റെയും നിലപാടുകൾ കണ്ടാൽ. ഹിന്ദുതീവ്രവാദികളുടെ അറസ്റ്റിനു ശേഷം ഇന്ത്യയിൽ ഒരുസ്ഫോടനവും ഭീകരാക്രമണവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നതും ശ്രദ്ധേയമാണ്. ■